ഭരണഭാഷ മാതൃഭാഷ

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003

ഫോൺ : 0471 2727378, 04712727379 email : obcdirectorate@gmail.com

BCDD-A3-1329/18(4)

തീയതി : 30/08/2018

ഡയറക്ടർ

ഡയറക്ടർ
പഞ്ചായത്ത് വകുപ്പ്

സർ,

വിഷയം:- പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള ഗ്രാന്റ് - അറിയിപ്പ് നൽകുന്നത് - സംബന്ധിച്ച്.

സൂചന:-
1) സ.ഉ(സാധാ) നമ്പർ. 02/2018/പി.വി.വി.വ തീയതി: 20/01/2018.
2) സ.ഉ(കൈ) നമ്പർ. 07/2018/പി.വി.വി.വ തീയതി: 10/08/2018.
3) ഈ ഓഫീസിലെ 30/08/2018 തീയതിലെ BCDD/A3/1329/2018(1) നമ്പർ നോട്ടിഫിക്കേഷൻ.

J

5/9/18

*********

മേൽ വിഷയത്തിലേയ്ക്കും സൂചനകളിലേയ്ക്കും ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന **"ബാർബർ ഷോപ്പുകൾ നവീകരണത്തിനുള്ള സഹായം"** എന്ന പദ്ധതിയുടെ നോട്ടിഫിക്കേഷൻ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ആയത് തദ്ദേശ സ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനും, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ഇത് സംബന്ധിച്ച നിർദ്ദേശം നൽകുന്നതിനും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ

ഡയറക്ടർ

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - പരമ്പരാഗത ബാർബർ തൊഴിൽ ചെയ്യുന്നവർക്കുള്ള ബാർബർ ഷോപ്പ് നവീകരണ സഹായ പദ്ധതി നടത്തിപ്പിൽ നിന്നും പട്ടികജാതി പ്രൊമോട്ടർമാരേയും ജില്ലാ പട്ടികജാതി ഓഫീസർമാരേയും ഒഴിവാക്കി പഞ്ചായത്തുകൾ നേരിട്ട് അപേക്ഷ സ്വീകരിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

======================================================================

## പിന്നാക്ക വിഭാഗ വികസന (എ) വകുപ്പ്

സ.ഉ. (കൈ)നം. 07/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 10.08.2018.

======================================================================

പരാമർശം: 1. 01.12.2015 -ലെ സ.ഉ.(കൈ)നം.15/2015/പി.സ.വി.വ. നമ്പർ ഉത്തരവ്.
2. 03.08.2015 -ലെ വകുപ്പ് തല വർക്കിംഗ് ഗ്രൂപ്പ് നടപടിക്കുറിപ്പ്.
3. 04.06.2018 -ലെ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ ബി.സി.ഡി.ഡി/എ 3/1329/18 നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തുവരുന്ന പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന "ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം" എന്ന പദ്ധതിക്ക് പരാമർശം 1 -ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിരുന്നു. ഈ പദ്ധതി സൂചന 2 -ലെ വർക്കിംഗ് ഗ്രൂപ്പ് യോഗതീരുമാന പ്രകാരം പട്ടികജാതി വികസന വകുപ്പിലെ എസ്.സി. പ്രൊമോട്ടർമാർ വഴി ഗുണഭോക്താ ക്കളെ സംബന്ധിച്ച അന്വേഷണവും അർഹത നിശ്ചയിക്കലും നടത്തി ബന്ധപ്പെട്ട പഞ്ചായത്തുകൾ വഴി അപേക്ഷ ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ ശേഖരിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ ലഭ്യമാക്കി സൂക്ഷ്മ പരിശോധന, ഫീൽഡ് തല പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ തുക അനുവദിക്കുന്ന രീതിയാണ് നിലവിലുള്ളത്. ഇത്തരത്തിൽ പല ഘട്ടങ്ങളിലൂടെ കടന്നു പോകുന്നതിനാൽ അപേക്ഷകർക്ക് യഥാസമയം ആനുകൂല്യം ലഭ്യമാകുന്നതിനും പദ്ധതി നിർവ്വഹണം നടപ്പിലാക്കുന്നതിനും കാലതാമസം ഉണ്ടാകുമെന്നതിനാൽ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന അപേക്ഷ എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകൾ വഴി നേരിട്ട് സ്വീകരിച്ച് സൂക്ഷ്മ പരിശോധന, ഫീൽഡ് തല പരിശോധന എന്നിവ നടത്തി ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന് പരാമർശ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ ആവശ്യപ്പെട്ടിരുന്നു.

(.....2)

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് പരമ്പരാഗത ബാർബർ തൊഴിൽ ചെയ്തു വരുന്ന പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക്, തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന പദ്ധതിയായ "ബാർബർ ഷോപ്പുകൾ നവീകരിക്കുന്നതിനുള്ള സഹായം" നൽകുന്ന പദ്ധതിക്ക് ഇനിമുതൽ പട്ടികജാതി പ്രൊമോട്ടർമാരേയും, ജില്ലാ പട്ടികജാതി ഓഫീസർമാരേയും ഒഴിവാക്കി പഞ്ചായത്തുകൾ നേരിട്ട് അപേക്ഷ സ്വീകരിച്ച് പരിശോധന നടത്തി, മുൻഗണനാക്രമം നിശ്ചയിച്ച് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഓഫീസുകളിൽ എത്തിക്കുകയും അവിടെ നിന്നും ഫീൽഡ് പരിശോധന നടത്തി ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭ്യമാക്കുവാൻ പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം).

**സുരേഷ് കുമാർ പി. എൻ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനക നഗർ, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ് , തിരുവനന്തപുരം
ഡയറക്ടർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, തിരുവനന്തപുരം (എല്ലാ ജില്ലാ പഞ്ചായത്ത് ഓഫീസർമാർക്കും നിർദ്ദേശം നൽകുന്നതിനായി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂമീഡിയ, (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

ഭരണഭാഷ
മാതൃഭാഷ

# പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം

അയ്യൻകാളി ഭവൻ - നാലാം നില, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം - 695 003
ഫോൺ : 0471 2727378,0471 2727379 email : obcdirectorate@gmail.com

**BCDD-A3-1329/2018(1)** തീയതി : 30/08/2018

## നോട്ടിഫിക്കേഷൻ

വിഷയം : പിന്നാക്ക വിഭാഗ വികസനം - പരമ്പരാഗത ബാർബർ തൊഴിലാളികൾക്കുള്ള തൊഴിൽ നവീകരണ ഗ്രാന്റ് (2018-19)

സൂചന : 1)സ.ഉ(സാധാ) നമ്പർ. 02/2018/പി.വി.വി.വ തീയതി: 20/01/2018.
2) സ.ഉ(കൈ) നമ്പർ. 07/2018/പി.വി.വി.വ തീയതി: 10/08/2018.

********

സംസ്ഥാനത്ത് പരമ്പരാഗതമായി ബാർബർ തൊഴിൽ ചെയ്തു വരുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ടവർക്ക് തൊഴിൽ നവീകരണത്തിന് ധനസഹായം നൽകുന്ന ***"ബാർബർ ഷോപ്പുകൾ നവീകരണത്തിനുള്ള സഹായം"*** എന്ന പദ്ധതിക്ക് 2018-19 വർഷത്തേയ്ക്ക് അർഹതയുള്ള അപേക്ഷകരിൽ നിന്ന് അപേക്ഷ ക്ഷണിച്ചുകൊള്ളുന്നു. അപേക്ഷകർ സംസ്ഥാനത്തെ പിന്നാക്ക സമുദായ ലിസ്റ്റിൽ (OBC) ഉൾപ്പെട്ടവരും പരമ്പരാഗത ബാർബർ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുമായിരിക്കണം. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം ഒരു ലക്ഷത്തിൽ അധികരിക്കരുത്. 2018 ലെ പ്രളയ ബാധിത പ്രദേശങ്ങളിൽ ഷോപ്പ് നടത്തുന്നവർക്ക് പ്രത്യേക പരിഗണന നൽകുന്നതാണ്.

**അറുപത് വയസ്സ് കഴിഞ്ഞവർ ടി ആനുകൂല്യത്തിന് അപേക്ഷിക്കേണ്ടതില്ല.** അപേക്ഷകർക്കുള്ള പരമാവധി ഗ്രാന്റ് 25000/- രൂപ ആയിരിക്കും.

അപേക്ഷകൾ പൂരിപ്പിച്ച് ചുവടെ രേഖപ്പെടുത്തുന്ന സാക്ഷ്യപത്രങ്ങൾ സഹിതം സ്ഥാപനം പ്രവർത്തിക്കുന്ന സ്ഥലത്തെ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിക്കാണ് സമർപ്പിക്കേണ്ടത്.

1. അപേക്ഷാഫോം പൂർണ്ണമായി പൂരിപ്പിക്കേണ്ടതും, പാസ്പോർട്ട് സൈസ് ഫോട്ടോ പതിക്കേണ്ടതുമാണ്.
2. ജാതി സർട്ടിഫിക്കറ്റ്.
3. വരുമാന സർട്ടിഫിക്കറ്റ്.
4. തൊഴിൽ പരിചയ സർട്ടിഫിക്കറ്റ് (ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിൽ നിന്നോ സെക്രട്ടറിയിൽ നിന്നോ വാങ്ങാവുന്നതാണ്.)
5. റേഷൻ കാർഡിന്റെ പകർപ്പ്.
6. ഇലക്ഷൻ തിരിച്ചറിയൽ കാർഡിന്റെ പകർപ്പ്
7. ആധാർ കാർഡിന്റെ പകർപ്പ്.
8. കടയുടെ ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിന്റെ/ വാടക ചീട്ടിന്റെ പകർപ്പ്.

## **അപേക്ഷയിന്മേൽ ഗ്രാമപഞ്ചായത്ത് അധികൃതർ സ്വീകരിക്കേണ്ട നടപടികൾ**

ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് ലഭിക്കുന്ന അപേക്ഷ പരിശോധിച്ച് അപേക്ഷാ ഫോമിൽ രേഖപ്പെടുത്തിയിട്ടുള്ള പ്രകാരം അർഹമായ മാർക്ക് നൽകി ആകെ ലഭ്യമായ അപേക്ഷകരുടെ മുൻഗണനാക്രമം നിശ്ചയിച്ചതിനുശേഷം ഗ്രാമ പഞ്ചായത്ത് ക്ഷേമ കാര്യ സ്റ്റാൻഡിങ്ങ് കമ്മിറ്റിയിൽ ടി പട്ടിക അംഗീകാര വിധേയമാക്കി പട്ടികയും അപേക്ഷകളും ഗ്രാമ പഞ്ചായത്ത് മുഖേന പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് ലഭ്യമാക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിന്റെ മുൻഗണനാ പട്ടിക അനുസരിച്ചായിരിക്കും ഗുണഭോക്താക്കൾക്ക് ആനുകൂല്യം അനുവദിക്കുകയെന്നതിനാൽ പരമാവധി കൃത്യമായി പട്ടിക തയ്യാറാക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകളിൽ അപേക്ഷ സ്വീകരിയ്ക്കേണ്ട അവസാന തീയതി **2018 സെപ്തംബർ 29** ആണ്.

ഗ്രാമ പഞ്ചായത്ത് സെക്രട്ടറിമാർ അപേക്ഷകളും മുൻഗണനാ പട്ടികകളും പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർക്ക് **2018 ഒക്ടോബർ 10 നകം** ലഭ്യമാക്കേണ്ടതാണ്. **തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള അപേക്ഷകളും പട്ടികകളും** മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കാക്കനാട്, എറണാകുളം, പിൻ-682030, ഫോൺ: 0484-2429130 എന്ന വിലാസത്തിലും **തൃശൂർ മുതൽ കാസർഗോഡ് വരെയുള്ള അപേക്ഷകളും പട്ടികകളും** മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, സിവിൽ സ്റ്റേഷൻ, കോഴിക്കോട്-673020, ഫോൺ: 0495-2377786 എന്ന വിലാസത്തിലും അയക്കേണ്ടതാണ്.

**ഡയറക്ടർ**
പിന്നാക്ക വിഭാഗ വികസന വകുപ്പ്